**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്:-ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-നീർത്തട മാസ്റ്റർ പ്ലാൻ -കർഷകരുടെ വിഹിതം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.3413/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി, 22/12/2009**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-1. 7-4-2009-ലെ 49/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. കേന്ദ്ര സർക്കാരിന്റെ 24-7-09-ലെ എസ്.ഒ.-1824(ഇ)നമ്പർ വിജ്ഞാപനം.

3. 28-10-09-ൽ കൂടിയ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. നീർത്തട വികസന പദ്ധതിയിലൂടെ സൃഷ്ടിക്കുന്ന ആസ്തികൾക്ക് പിൽക്കാലത്ത് ആവശ്യമായിവരുന്ന മെയിന്റനൻസിനായി നീർത്തട പ്രദേശത്തെ കർഷകരുടെ ഭൂമിയിൽ നടപ്പിലാക്കുന്ന പ്രവൃത്തി കൾക്ക് ചെലവഴിക്കുന്ന തുകയുടെ പത്തു ശതമാനം (10%) കർഷകരിൽ നിന്നും സ്വരൂപിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ഫണ്ടായി നിക്ഷേപിക്കണമെന്ന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. അഞ്ച് ഏക്കർ വരെ കൃഷി ഭൂമിയുള്ള ചെറുകിട കർഷകരുടെ കൃഷിയിടങ്ങളിലെ ഭൂവികസനം, ഹോർട്ടികൾച്ചർ, ജലസേചനം എന്നീ പ്രവൃത്തികൾ പൂർണ്ണ മായും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു നടപ്പിലാക്കാൻ പരാമർശം 2-ലെ വിജ്ഞാപന ത്തിലൂടെ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികളുടെ സംരക്ഷണത്തിനായി, നീർ ത്തട പ്രദേശത്തെ കർഷകരുടെ ഭൂമിയിൽ ചെലവഴിക്കുന്ന തുകയുടെ പത്തുശതമാനം (10%) കർഷകരിൽ നിന്നും സ്വരൂപിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും അതനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട പ്രദേശത്തെ കർഷകരുടെ ഭൂമിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ചെലവഴിക്കപ്പെടുന്ന തുകയുടെ 10% അവരിൽ നിന്നും സ്വരൂപിക്കണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എസ്.എം. വിജയാനന്ദ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. മിഷൻ ഡയറക്ടർ, സംസ്ഥാനതൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. എല്ലാ പ്രോജക്റ്റ് ഡയറക്ടർമാർക്കും, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
10. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന).
11. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ